**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം**

**സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള (MGNSASK)**

(തദ്ദേശ സ്വയംഭരണ വകുപ്പ് , കേരള സർക്കാർ)

2-ാം നില, സി.ഡബ്ല്യു.സി.ബിൽഡിംഗ്സ്, എൽ.എം.എസ്.കോമ്പൗണ്ട്, പാളയം,

വികാസ് ഭവൻ (പി.ഒ), തിരുവനന്തപുരം-695033, ഫോൺ നമ്പർ : **0471-2724696**

ഇ-മെയിൽ: keralasocialaudit@gmail.com www.socialaudit.kerala.gov.in

# സോഷ്യൽ ഓഡിറ്റ് പബ്ലിക്ക് ഹിയറിംഗ്
# കാര്യപരിപാടി

1. ഉദ്ഘാടന യോഗം (30 മിനിട്ട്)
   - സ്വാഗതം - 5 മിനിട്ട്
   - അദ്ധ്യക്ഷ പ്രസംഗം - 5 മിനിട്ട്
   - ഉദ്ഘാടനപ്രസംഗം - 10 മിനിട്ട്
   - ആശംസകൾ - 10 മിനിട്ട്
2. സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് അവതരണം - 20-25 മിനിട്ട്
3. റിപ്പോർട്ടിലെ കണ്ടെത്തലുകൾ, നിരീക്ഷണങ്ങൾ, നിർദ്ദേശങ്ങൾ എന്നിവയെ അടിസ്ഥാനമാക്കിയുള്ള ചർച്ച - 30-40 മിനിട്ട്
4. പദ്ധതി കൂടുതൽ മെച്ചപ്പെടുത്തി കാര്യക്ഷമമാക്കുന്നതിന് തുടർന്ന് സ്വീകരിക്കാൻ പോകുന്ന നടപടികൾ സംബന്ധിച്ച മറുപടി - 10-15 മിനിട്ട്
5. കൃതജ്ഞത - 5 മിനിട്ട്

**പ്രക്രിയയും രീതിശാസ്ത്രവും**

1. ഉദ്ഘാടന യോഗത്തിലേക്ക് എം.പി., എം.എൽ.എ, ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷൻ, ബ്ലോക്ക് പ്രസിഡന്റ്, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് തുടങ്ങിയ വിശിഷ്ട വ്യക്തികൾ എന്നിവരെ ക്ഷണിക്കാവുന്നതാണ്. എന്നാൽ ഉദ്ഘാടനയോഗം യാതൊരു കാരണവശാലും 30 മിനിട്ടിൽ അധികരിക്കാതെ ചിട്ടപ്പെടുത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. സോഷ്യൽ ഓഡിറ്റിന്റെ പ്രാധാന്യം, വികസന പദ്ധതികളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിൽ സോഷ്യൽ ഓഡിറ്റിന്റെയും ജനകീയ പങ്കാളിത്തത്തിന്റെയും അറിയാനുള്ള ജനങ്ങളുടെ അവകാശത്തെയും അടിസ്ഥാനപ്പെടുത്തി ആയിരിക്കണം ഉദ്ഘാടന യോഗത്തിൽ പങ്കെടുത്തുകൊണ്ട് സംസാരിക്കുന്നവർ അവതരണങ്ങൾ നടത്തേണ്ടത്.
2. പബ്ലിക്ക് ഹിയറിംഗിൽ അദ്ധ്യക്ഷത വഹിക്കേണ്ടത് ജില്ലാകളക്ടർ ചുമതലപ്പെടുത്തുന്ന ഒരു ഉദ്യോഗസ്ഥനാണ്. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർ ഇതു സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നതിനാവശ്യമായ അഭ്യർത്ഥന ജില്ലാകളക്ടർമാർക്ക് നൽകുകയും ഓരോ പഞ്ചായത്തിലെയും ചുമതലപ്പെട്ട ഉദ്യോഗസ്ഥനെ നിശ്ചയിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയും വേണം.
3. റിപ്പോർട്ട് അവതരണം - സോഷ്യൽ ഓഡിറ്റ് ബി.ആർ.പി അല്ലെങ്കിൽ വി.ആർ.പി പഞ്ചായത്തിൽ നടപ്പാക്കിയ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെ സംബന്ധിച്ച് വിവിധ വാർഡുകളിലെ ഗ്രാമസഭാ യോഗങ്ങളിൽ അവതരിപ്പിച്ചതും ജനങ്ങൾ മുന്നോട്ട് വച്ച നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ക്രോഡീകരിച്ചുകൊണ്ട് പഞ്ചായത്തിലെ ആകെ തൊഴിലുറപ്പ് പദ്ധതി ആസൂത്രണത്തേയും നിർവ്വഹണത്തേയും വിലയിരുത്തികൊണ്ടുള്ളതായിരിക്കണം പബ്ലിക്ക് ഹിയറിംഗിൽ അവതരിപ്പിക്കുന്ന റിപ്പോർട്ട്.

പദ്ധതിയുടെ ഭാഗമായി കൈവരിക്കാൻ കഴിഞ്ഞ സാമൂഹ്യ-സാമ്പത്തിക - പാരിസ്ഥിതിക നേട്ടങ്ങളെ എടുത്ത് പറഞ്ഞുകൊണ്ടും എന്നാൽ സോഷ്യൽ ഓഡിറ്റിൽ കണ്ടെത്താൻ കഴിഞ്ഞ പോരായ്മകൾ വ്യക്തമായി ചൂണ്ടിക്കാണിക്കുന്നതുമായിരിക്കണം റിപ്പോർട്ട്. പദ്ധതി കൂടുതൽ മെച്ചപ്പെടുത്തുന്നതിനും ദൗർബ്ബല്യങ്ങൾ പരിഹരിക്കുന്നതിനും സഹായകമായ ക്രിയാത്മകമായ സമീപനമായിരിക്കണം റിപ്പോർട്ട് തയ്യാറാക്കി അവതരിപ്പിക്കുന്നതിൽ ശ്രദ്ധിക്കേണ്ടത്.

4. സോഷ്യൽ ഓഡിറ്റ് എന്നത് ജനങ്ങളുടെ പങ്കാളിത്തത്തോടെ ജനങ്ങൾ നടത്തുന്ന സാമൂഹ്യവിലയിരുത്തൽ എന്നതാണല്ലോ. അതുകൊണ്ട് തന്നെ ജനകീയ സംഘടനകളുടെ പങ്കാളിത്തവും അവരുടെ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കേൾക്കുന്നതിന് പദ്ധതിയുടെ നിർവ്വഹണ ചുമതലയുള്ള ഭരണസമിതി അംഗങ്ങൾക്കും ഉദ്യോഗസ്ഥർക്കും കഴിയുന്നതിന് സഹായകമായ നിലയിലായിരിക്കണം ചർച്ചകൾ സംഘടിപ്പിക്കേണ്ടത്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ജനങ്ങൾക്ക് അറിയുന്നതിനും അഭിപ്രായം പറയുന്നതിനും അവകാശമുണ്ടെന്ന കാര്യം അംഗീകരിക്കുന്ന സമീപനം ചർച്ചകളിലുടനീളം സ്വീകരിക്കേണ്ടതാണ്. നിർദ്ദേശങ്ങളും അഭിപ്രായങ്ങളും രേഖപ്പെടുത്തുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

5. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ആസൂത്രണത്തിലും നിർവ്വഹണത്തിലും നിലനിൽക്കുന്നതും ജനങ്ങൾക്ക് ബോദ്ധ്യപ്പെട്ടതുമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും കൂടുതൽ ഫലപ്രദമായും കാര്യക്ഷമവുമായും പദ്ധതി എങ്ങിനെ തുടർന്ന് നടപ്പാക്കും എന്നതായിരിക്കണം നിർവ്വഹണ ചുമതലയുള്ള ജോയിന്റ് പ്രോഗ്രാം ഓഫീസർ/ പഞ്ചായത്ത് സെക്രട്ടറി ഭാവി പ്രവർത്തന പരിപാടിയായി മറുപടി പ്രസംഗത്തിൽ വ്യക്തമാക്കേണ്ടത്. പബ്ലിക്ക് ഹിയറിംഗ് യോഗത്തിലേക്ക് മുഴുവൻ ജനപ്രതിധികൾ, വിവിധ മേഖലകളിലെ നിർവ്വഹണ ഉദ്യോഗസ്ഥർ, വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ, കുടുംബശ്രീ ഭാരവാഹികൾ, ലൈബ്രറി പ്രവർത്തകർ, പ്രാദേശിക പത്രലേഖകർ, വിവിധ സാമൂഹ്യ സംഘാടനാ പ്രതിനിധികൾ, ബഹുജനസംഘടനാ പ്രതിനിധികൾ, സാക്ഷരതാ പ്രേരക്മാർ, എസ്.സി- എസ്.ടി പ്രൊമോട്ടർമാർ, കർഷക സംഘടനാ പ്രതിനിധികൾ, തൊഴിലുറപ്പ് തൊഴിലാളി പ്രതിനിധികൾ എന്നിവരെയെല്ലാം രേഖാമൂലം അറിയിപ്പ് നിൽകി പങ്കെടുപ്പിക്കേണ്ടതാണ്. പബ്ലിക്ക് ഹിയറിംഗ് യോഗത്തിൽ ഉയർന്ന് വരുന്ന നിർദ്ദേശങ്ങളേയും അഭിപ്രായങ്ങളേയും പരിഗണിച്ചുകൊണ്ടായിരിക്കണം തുടർന്ന് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ആസൂത്രണത്തിനായുള്ള പരിശ്രമങ്ങൾ നടത്തേണ്ടത്. ഓരോ പഞ്ചായത്തിലെയും തൊഴിലുറപ്പ് പദ്ധതിയും ലേബർ ബഡ്ജറ്റും തയ്യാറാക്കുമ്പോൾ ഇക്കാര്യങ്ങൾ പ്രത്യേകം കണക്കിലെടുക്കേണ്ടതാണ്.

6. പബ്ലിക്ക് ഹിയറിംഗിന്റെ ഫോട്ടോകളും 5-10 മിനിട്ട് ദൈർഘ്യമുള്ള വീഡിയോയും എടുത്ത് സൂക്ഷിക്കേണ്ടതാണ്.

കേരളത്തിന്റെ പ്രാദേശികാസൂത്രണ പ്രക്രിയയിൽ ഉയർന്ന തോതിലുള്ള ജനകീയ പങ്കാളിത്തവും ജനകീയ മേൽനോട്ടവും ഉറപ്പാക്കുന്നതിനും പ്രാദേശിക വികസനത്തിന്റെ ഫലക്ഷമത ഉയർത്തുന്നതിനും പബ്ലിക്ക് ഹിയറിംഗ് സംവിധാനം പുതിയൊരു ചുവടുവയ്പായിരിക്കുമെന്ന് പ്രതീക്ഷിച്ചുകൊണ്ട്,

വിശ്വസ്തതയോടെ,

**ഡോ.എൻ.രമാകാന്തൻ**
ഡയറക്ടർ
തിരുവനന്തപുരം
17.12.2021

**കോപ്പി:**

1. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും
3. എല്ലാ ഗ്രാമപഞ്ചായത്ത് അദ്ധ്യക്ഷന്മാർക്കും
4. എല്ലാ ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്റർമാർക്കും
5. എല്ലാ ഡി.ആർ.പിമാർക്കും
6. എല്ലാ ബി.ആർ.പിമാർക്കും
7. എല്ലാ വി.ആർ.പിമാർക്കും (ബി.ആർ.പിമാർ വഴി).